"ഭരണഭാഷ- മാതൃഭാഷ"

15 YEARS OF CELEBRATING THE MAHATMA

കേരള സർക്കാർ

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - എഞ്ചിനീയറിംഗ് വിഭാഗം- ജീവനക്കാര്യം - തദ്ദേശ സ്വയംഭരണ വകുപ്പിൽ ഓവർസീയർ ഗ്രേഡ് II ആയ ശ്രീ. ഐസക് എം.-ന് മെഡിക്കൽ റീഇംബഴ്സ്മെന്റ് അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശ സ്വയംഭരണ(ഇ.ഡബ്ല്യൂ) വകുപ്പ്

സ.ഉ.(സാധാ) നം.1252/2020/ത.സ്വ.ഭ.വ തീയതി, തിരുവനന്തപുരം, 24/06/2020

---

പരാമർശം:- 1. ശ്രീ. ഐസക് എം. സമർപ്പിച്ച 01.03.2018 ലെ മെഡിക്കൽ റീഇംബഴ്സ്മെന്റ് അപേക്ഷ.

2. തദ്ദേശ സ്വയംഭരണവകുപ്പ് ചീഫ് എഞ്ചിനീയറുടെ 27.03.2018, 24.10.2019, 04.05.2020 തീയതികളിലെ ഇ17-2957/2018/സി.ഇ/തസ്വഭവ നമ്പർ കത്ത്.

3. ആരോഗ്യ വകുപ്പ് ഡയറക്ടറുടെ 18.09.2019 ലെ MR2 (എൽ.ഡിസ്.)/3340/2019/ആ.വ.ഡ. നമ്പർ കത്ത്.

**ഉത്തരവ്**

പുനലൂർ മുനിസിപ്പാലിറ്റിയിൽ ഓവർസീയർ ഗ്രേഡ് II ആയ ശ്രീ. ഐസക് എം., ടിയാന്റെ മാതാവിന് തിരുവനന്തപുരം കിംസ് ആശുപത്രിയിൽ 05.12.2017 മുതൽ 09.12.2017 വരെയുള്ള ചികിത്സയ്ക്ക് ചിലവായ ₹ 2,44,539/-(രണ്ട് ലക്ഷത്തി നാല്പത്തി നാലായിരത്തി അഞ്ഞൂറ്റി മുപ്പത്തി ഒൻപത് രൂപ മാത്രം) പ്രതിപൂരണം ചെയ്ത് നൽകണമെന്ന് പരാമർശം 1 പ്രകാരം അഭ്യർത്ഥിച്ചിട്ടുണ്ട്. ഇക്കാര്യം പരാമർശം 2 പ്രകാരം തദ്ദേശ സ്വയംഭരണ ചീഫ് എൻജിനീയർ ശുപാർശ ചെയ്തിട്ടുണ്ട്. ശ്രീ. ഐസക്ക് എം.-ന് മേൽ ചികിത്സക്കായി പലിശ രഹിത ചികിത്സാവായ്പ അനുവദിച്ചിട്ടില്ല. ടിയാന്റെ മാതാവ് സർവീസ് പെൻഷനറല്ല എന്നും പൂർണ്ണമായും ശ്രീ. ഐസക്ക് -നെ മാത്രം ആശ്രയിച്ച് കഴിയുന്ന വ്യക്തിയാണെന്നും ചീഫ് എൻജിനീയർ അറിയിച്ചിട്ടുണ്ട്.

2. ശ്രീ. ഐസക് എം. ന്റെ അപേക്ഷയിന്മേൽ പ്രതിപൂരണം ചെയ്യുന്നതിന് അനുവദനീയമായ തുക ₹ 1,35,252/-(ഒരു ലക്ഷത്തി മുപ്പത്തി അയ്യായിരത്തി ഇരുനൂറ്റി അൻപത്തി രണ്ട് രൂപ മാത്രം) ആണെന്ന് ആരോഗ്യ വകുപ്പ് ഡയറക്ടർ പരിശോധിച്ച് പരാമർശം 3 പ്രകാരം റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയുണ്ടായി. പുനലൂർ മുനിസിപ്പാലിറ്റിയിൽ ഓവർസീയർ ഗ്രേഡ് II ആയ ശ്രീ. ഐസക് എം.-ന്റെ മാതാവിന് തിരുവനന്തപുരം കിംസ് ആശുപത്രിയിൽ 05.12.2017 മുതൽ 09.12.2017 വരെയുള്ള ചികിത്സയ്ക്ക് ചിലവായ തുകയിൽ ആരോഗ്യ വകുപ്പ് ഡയറക്ടർ അനുവദിക്കാമെന്ന് അറിയിച്ചിരിക്കുന്ന തുകയുടെ 80% ആയ ₹ 1,08,186/-(ഒരു ലക്ഷത്തി എണ്ണായിരത്തി ഒരുനൂറ്റി എൺപത്തി ആറ് രൂപ മാത്രം) പ്രതിപൂരണം ചെയ്യുന്നതിന് അനുമതി നൽകി ഉത്തരവാകുന്നു. മേൽ തുക 2515-00-001-92-01" എന്ന ഹെഡ് ഓഫ് അക്കൗണ്ടിൽ നിന്നും ചിലവഴിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ഗോപകുമാർ യു

അണ്ടർ സെക്രട്ടറി

1. ശ്രീ. ഐസക് എം., ഓവർസീയർ ഗ്രേഡ് II (*തസ്വഭവ ചീഫ് എഞ്ചിനീയർ മുഖേന*)
2. ചീഫ് എഞ്ചിനീയർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം. (ലിസ്റ്റുകളും അനുബന്ധ രേഖകളും സഹിതം)
3. അക്കൗണ്ടന്റ് ജനറൽ (എ & ഇ/ഓഡിറ്റ്) കേരള, തൃശ്ശൂർ
4. എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
5. ധനകാര്യ വകുപ്പ് (28-12-2019ലെ 1375439/L3/703/2019-Finനമ്പർ കറിപ്പ് പ്രകാരം)
6. വെബ് & ന്യൂ മീഡിയ, വിവര പൊതുജന സമ്പർക്ക വകുപ്പ്
7. കരുതൽ ഫയൽ / ഓഫീസ് പകർപ്പ്

ഉത്തരവിൻ പ്രകാരം
Signature valid
Digitally signed b
SREEKA H G
Date: 2020. 20:41 30 IST
Reason: Approved
സെക്ഷൻ ഓഫീസർ